**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 920** 05-02-2020-ലെ മറുപടി

**ചാലക്കുടിപ്പുഴയിലെ സ്റ്റോറേജ്ഡാമുകളുടെ നിർമാണം**

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിയ്ക്കു മുകളിലായി രണ്ട് സ്റ്റോറേജ്ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിയ്ക്കു മുകളിലായി കണ്ണൻകുഴി, വെറ്റിലപ്പാറ എന്നീ സ്ഥലങ്ങളിൽ 0.81 Mm3, 1.631 Mm3 കപ്പാസിറ്റിയുള്ള 2 തടയണകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കണ്ണൻകുഴിയിലെ തടയണ ആ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് റെഗുലേറ്റർ ആയിട്ടാണ് ഡിസൈൻ ചെയ്യുന്നത്. രണ്ട് സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ പര്യവേഷണ പ്രവൃത്തികൾക്കായി 22,75,000/- രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിനാവശ്യമായ അനുമതിയും, ഫണ്ടും അനുവദിയ്ക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | ബി) | 2020-21 ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വെറ്റിലപ്പാറയ്ക്ക് 25 കോടിയുടെയും കണ്ണൻകുഴിയ്ക്ക് 20 കോടിയുടെയും പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ